# കേരള സർവകലാശാല

നം.പി.ആർ.131/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

ജൂലൈ 3 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) ജൂലൈ 2019 – സപ്ലിമെന്ററി, പാർട്ട് ടൈം, 2007 അഡ്മിഷൻ വരെയുളള മേഴ്സി ചാൻസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## മൂല്യനിർണ്ണയ ക്യാമ്പ്

2019 ൽ നടന്ന വിവിധ എൽ.എൽ.ബി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ലോ കോളേജുകളിലേയും റെഗുലർ ക്ലാസുകൾ റദ്ദ് ചെയ്തുകൊണ്ട് ജൂൺ 20 മുതൽ 28 വരെ സർവകലാശാലയിലെ അമിനിറ്റി സെന്റർ കെട്ടിടത്തിലെ മൂല്യനിർണ്ണയ കേന്ദ്ര ത്തിൽ ആരംഭിക്കുന്നതാണ്. ജൂൺ 24, 26 തീയതികളിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷകൾ മാറ്റമില്ലാതെ നടക്കുന്നതാണ്.

## ഓൺലൈൻ രജിസ്ട്രേഷൻ

2019 ജൂലൈ 26 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.എ.എച്ച്.ആർ.എം/എം.പി.എ/എം.എം.സി.ജെ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (റെഗുലർ – 2016 അഡ്മിഷൻ) ജൂലൈ 2019 പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 20 മുതൽ ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ജൂലൈ 1 വരെയും 50 രൂപ പിഴയോടെ ജൂലൈ 4 വരെയും 125 രൂപ പിഴയോടെ ജൂലൈ 8 വരെയും അപേക്ഷിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ അഞ്ചാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്ക് (സി.ബി.സി.എസ്.എസ്) 2019– 20 അദ്ധ്യയന വർഷത്തിൽ കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപാർശയോടെ 1050/– രൂപ ഫീസ് അടച്ച് ചേരാൻ ഉദ്ദേശിക്കുന്ന കോളേജിൽ 12.07.2019 നു മുമ്പായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/– രൂപ കൂടി അടക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 20.07.2019 ആണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (*www.keralauniversity.ac.in*) ലഭ്യമാണ് നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## അവാർഡുകൾ – സ്കോളർഷിപ്പ് വിതരണവും സ്റ്റുഡന്റ്സ് പാലിയേറ്റീവ് ക്ലബ് പ്രവർത്തനോത്ഘാടനവും

2017–18 അക്കാദമിക വർഷത്തെ, സർവകലാശാല യൂവജനോത്സവം (കൊല്ലം) നാടകോൽസവം (എൻ.എസ്.എസ് കോളേജ്, ചേർത്തല) സൗത്ത് സോൺ അന്തർസർവകലാശാല യുവജനോൽസവം (ഹിന്ദുസ്ഥാൻ യൂണിവേഴ്സിറ്റി, ചെന്നൈ) നാഷണൽ അന്തർസർവകലാശാല യുവജനോൽസവം (റാഞ്ചി യൂണിവേഴ്സിറ്റി, ജാർഖണ്ഡ്) എന്നിവകളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ (വ്യക്തിഗത–ഗ്രൂപ്പ് ഇനങ്ങൾ) നേടിയവർക്കുള്ള ടാലന്റ് അവാർഡും (ക്യാഷ് പ്രൈസ്) 2015–16, 2016–17, 2017–18 അക്കാദമിക വർഷങ്ങളിലെ ഏറ്റവും നല്ല കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്കുള്ള 'ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡുകളും' സർവകലാശാല വിതരണം ചെയ്യുന്നു.

2019 ജൂൺ 21 ാം തീയതി ഉച്ചയ്ക്ക് 1.30 ന് തിരുവനന്തപുരം, പാളയം വി.ജെ.റ്റി ഹാളിൽ വെച്ച് ബഹു.കേരള വ്യവസായ–കായിക വകുപ്പ് മന്ത്രി ശ്രീ.ഇ.പി ജയരാജൻ അവാർഡുകൾ വിതരണം ചെയ്യുന്നു. കേരള സർവകലാശാലയുടെ ആദരണീയനായ വൈസ് ചാൻസലർ ഡോ.വി.പി മഹാദേവൻപിള്ള ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. തദവസരത്തിൽ സർവകലാശാല സ്റ്റുഡന്റ്സ് പാലിയേറ്റീവ് ക്ലബുകളുടെ പ്രവർത്തനോത്ഘാടനവും 2017–18, 2018–19 അക്കാദമിക വർഷങ്ങളിലെ എസ്.എ.എഫ് (പൂവർ സ്റ്റുഡന്റ്സ് സ്കോളർഷിപ്പ്) വിതരണോത്ഘാടനവും ബഹുമാനപ്പെട്ട മന്ത്രി നിർവ്വഹിക്കുന്നതായിരിക്കും. അർഹരായ വിദ്യാർത്ഥികൾ, കോളേജ് തിരിച്ചറിയൽ കാർഡുമായി

ജൂൺ 21 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക് വി.ജെ.റ്റി ഹാളിൽ എത്തിച്ചേർന്ന് അവാർഡുകൾ സ്വീകരിക്കേണ്ടതാണ്.

(പ്രത്യേക കുറിപ്പ്: തിരുവനന്തപുരം, കൊല്ലം , ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലക ളിലെ എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)

## സീറ്റ് ഒഴിവ്

**സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്.) 2019-20 പ്രോഗ്രാമിൽ എസ്.റ്റി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി 2019 ജൂൺ 20-ാം തീയതി രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2308839, 9446533386 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.**

തിരുവനന്തപുരം,
19-06-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)